# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PTA P5/114/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PTA P5/114/23 തീയ്യതി: 30/03/2023

## പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 23-01-2023 | 01-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-01-2023 | 01-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അശ്വതി വി.നായർ, ഓഡിറ്റർ
ശ്രീമതി.സിന്ധുമോൾ വി.എൻ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വ. ജോൺസൺ വിളവിനാൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ് പി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷ സി.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ചന്ദ്രലേഖ സി.എസ്. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി വിദ്യ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സൂസൻ ജോസഫ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 09-08-2021 |
| ഡോ.സുബ്ബയ്യൻ | വെറ്ററിനറി സർജൻ | 10-08-2021 | 31-03-2022 |
| ശ്രീ. അനീഷ് ആർ | വി.ഇ.ഒ | 01-04-2021 | 04-09-2021 |
| ശ്രീമതി ആതിര അർജ്ജുൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുമോൾ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| കുമാരി കാവ്യ കൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 03-03-2022 |
| ശ്രീമതി അനുമോൾ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-03-2022 | 31-03-2022 |
| സജി കുമാർ ബി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മിമോഹൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 12-11-2021 |
| ശ്രീമതി.ഗ്ലാഡിസ് വി.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12-11-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ ആർ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ശാന്തകുമാരി ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.ദിവ്യ ആർ.ജയൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2021 | 04-04-2021 |
| ഡോ.രേണു സ്വാമിദാസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)അഡി.ചാർജ്ജ് | 05-04-2021 | 01-12-2021 |
| ഡോ.ദിവ്യ ആർ.ജയൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 02-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-11 |
| 12 | ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 1-12 |
| 13 | വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-13 |
| 14 | വാടക പിരിവ് - അപാകങ്ങൾ | 1-14 |
| 15 | അഗതി രഹിത കേരളം പദ്ധതി - പദ്ധതി അവലോകനം. | 1-15 |
| 16 | ലൈഫ് ഭവന നിർമ്മാണ പദ്ധതിപ്രകാരം അധികമായി ആനുകൂല്യം അനുവദിച്ചു | 1-16 |
| 17 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 18 | കോവിഡ് - 19 അടിയന്തിര പ്രോജക്ട് ഏറ്റെടുക്കുവാനുള്ള ഉത്തരവ് ഉപയോഗിച്ച് DCC യായി പ്രവർത്തിക്കാത്ത കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി. | 1-18 |
| 19 | എസ് എസ് എ - വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-19 |
| 20 | ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത തടയണ നിർമ്മാണത്തിന് ഫണ്ട് ചെലവഴിക്കുന്നു | 1-20 |
| 21 | ജലജീവൻമിഷൻ പദ്ധതി ജലസംഭരണി നിർമ്മാണം ആരംഭിച്ചില്ല | 1-21 |
| 22 | വിവിധ ഏജൻസികളിൽ നിന്ന് തിരികെ ലഭിച്ച തുക തനതുഫണ്ടിൽ നിക്ഷേപിക്കുന്നു | 1-22 |
| 23 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-23 |
| 24 | വൈദ്യുതി ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-24 |
| 25 | മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- മോണിറ്ററിംഗ് നടത്തിയില്ല | 1-25 |
| 26 | താറാവ് വളർത്തൽ പദ്ധതി പ്രകാരം വാങ്ങിയ താറാവുകളുടെ | 1-26 |

| | | |
|---|---|---|
| | വിതരണരേഖകൾ ഇല്ല | |
| 27 | പൂർത്തിയാക്കാത്ത കിണർ നിർമ്മാണത്തിന് കംപ്ലീഷൻ റിപ്പോർട്ട് നൽകി അന്തിമ ബിൽ തുക അനുവദിച്ചു | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന നിർമ്മാണ പദ്ധതിപ്രകാരം അധികമായി ആനുകൂല്യം അനുവദിച്ചു | 3-1 |
| 2 | കോവിഡ് - 19 അടിയന്തിര പ്രോജക്ട് ഏറ്റെടുക്കുവാനുള്ള ഉത്തരവ് ഉപയോഗിച്ച് DCC യായി പ്രവർത്തിക്കാത്ത കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി | 3-2 |
| 3 | പൂർത്തിയാക്കാത്ത കിണർ നിർമ്മാണത്തിന് കംപ്ലീഷൻ റിപ്പോർട്ട് നൽകി അന്തിമ ബിൽ തുക അനുവദിച്ചു -നഷ്ടം 28795/- രൂപ | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ,വിനിയോഗം എന്നിവയുടെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

1939061 രൂപ മുന്നിരിപ്പും 120319875 രൂപ വരവും 120503238 രൂപ ചെലവും 1755698 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 24.02.2021 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.03.2022 തീയതിയിലെ 1(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

2021-22 സാമ്പത്തികവർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൾ-ബി13- Capital Contribution:- മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

2. ഷെഡ്യൾ-ബി11-സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിൽ ആസ്തികൾ കാലികമാക്കിയിട്ടില്ല.

3. ഓഡിറ്റ് റിക്കവറി ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

4. I-1,RP43,B15-വസ്തുനികുതിയിനത്തിൽ പിരിച്ചെടുത്ത തുക (തൻവർഷം, കുടിശ്ശിക) സഞ്ചയ സോഫ്റ്റ് വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല .

5. ഷെഡ്യൂൾ I-6:- കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നുള്ള ചെലവ്- തുക സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല. CFC ബേസിക് ഗ്രാന്റിന്റെ അപര്യാപ്തത മൂലം 188309 രൂപയുടെ പേയ്മെന്റ് നല്കിയത് 2022-23 ൽ മാത്രമാണ്. ഇത് സുലേഖയിൽ ചെലവായി ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11027078 |
| വരവ് | 60414628 |
| ആകെ | 71441706 |
| ചെലവ് | 58210388 |
| നീക്കിയിരിപ്പ് | 13231318 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 10727000 | 10727000 | 10726669 | 331 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6021000 | 6021000 | 5125951 | 895049 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8146815 | 8146815 | 8133682 | 13133 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4871078 | 4871078 | 3400380 | 1470698 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5502659 | 5502659 | 2694730 | 2807929 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 2228464 | 2228464 | 2263567 | -35103* |

*സി.എഫ്.സി. അക്കൗണ്ടിലെ പലിശ പദ്ധതിച്ചെലവിന് ഉപയോഗിച്ചതിനാൽ നെഗറ്റീവ് നീക്കിയിരിപ്പ്

കാണിച്ചിരിക്കുന്നു.

കേന്ദ്രാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ.ജി.എസ് | 0 | 20441124 | 20441124 | 20441124 | |
| ഐ.സി.ഡി.എസ്. | 1155371 | 1017338 | 2172709 | 1198040 | 974669 |

സംസ്ഥാനാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 2346261 | 220592 | 2566853 | 1309795 | 1257058 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1.വരവ്കണക്കിലുള്ള അപാകതകൾ

വികസനഫണ്ടിനത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകയും. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) – സ.ഉ. (സാധാ) 1345/22 /ധന/26.02.2022 പ്രകാരം കുറവുചെയ്ത 3255000 രൂപയും CFC (Untied) ഇനത്തിൽ പലിശയിനത്തിലുള്ള 35593 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 10727000 | 9368204 | 1358796 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 570396/-, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ കുറവ് ചെയ്ത 788400/- എന്നിവ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| വികസനഫണ്ട് (എസ് സി പി) | 6021000 | 5858063 | 162937 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 162937 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 8146815 | 11401815 | (-) 3255000 | സ.ഉ.(സാധാ) 1345/22 /ധന/26.02.2022 പ്രകാരം കുറവുചെയ്ത 3255000 രൂപ വരവിൽനിന്ന് കുറവ് ചെയ്തിട്ടില്ല. |

2. ചെലവ് കണക്കിലുള്ള അപാകത

CFC (Untied) ഇനത്തിൽ തൻവർഷം ചെലവഴിക്കാത്ത തുക ചെലവിൽ ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നെഗറ്റീവ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ പദ്ധതി സ്പിൽ ഓവർ ആയി അംഗീകാരം വാങ്ങേണ്ടിയിരുന്നു. സുലേഖ സോഫ്റ്റ് വെയറിൽ പദ്ധതിച്ചെലവ് തൻവർഷം ഉൾപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | AFS പ്രകാരം ചെലവ് (I6) | ചെലവിലുള്ള വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| CFC(Untied) | 2451876 | 2263567 | 188309 | 48/22,213/22 പദ്ധതികൾ പ്രകാരം കരാറുകാരൻ ശ്രീ ബിജു ഡാനിയലിന് 188309 നൽകിയത് 08/2022 നാണ് |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 193 | 81115052 | 157 | 41665602 | 36 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്റ്റുകൾ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 7 | 2073359 | 872140 |
| വെറ്ററിനറി സർജൻ | 7 | 7 | 1866280 | 671360 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1850000 | 1572433 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 655792 | 653092 |
| ഹെഡ്മാസ്റ്റർ | 3 | 2 | 591260 | 227906 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 20 | 18 | 37603015 | 8530106 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 3541305 | 2706942 |
| സെക്രട്ടറി | 54 | 35 | 10590286 | 6863102 |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 2081550 | 1843500 |
| അസിസ്റ്റന്റ് എൻജിനീയർ | 73 | 65 | 19264205 | 17117321 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 875000 | 575000 |
| ഫിഷറീസ് ഓഫീസർ | 1 | 1 | 123000 | 32700 |
| ആകെ | 193 | 157 | 81115052 | 41665602 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 565527 | 565527 | .0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 19875597 | 19875597 | 0 |
| ആകെ | 0 | 20441124 | 20441124 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 143 | 2455600 |
| 2. | വികലാംഗ പെൻഷൻ | 214 | 3377800 |
| 3. | വാർദ്ധക്യകാല പെൻഷൻ | 1596 | 24588700 |
| 4. | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20 | 316400 |
| 5. | വിധവാ പെൻഷൻ | 535 | 8458800 |
| 6. | തൊഴിൽ രഹിത വേതനം | 5 | 14160 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2023 തീയതിയിൽ 12.30 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,135/-രൂപ (ഇരുപത്തി മൂവായിരത്തി ഒരുനൂറ്റി മുപ്പത്തിയഞ്ച് രൂപ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അക്കൗണ്ടിംഗ് റൂൾസ് പ്രകാരമുള്ള രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തനതുഫണ്ട് ചെലവുകളുടെ വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വരവിനങ്ങളിൽ വസ്തു നികുതി കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. CFC ഗ്രാന്റിന്റെ പലിശ പദ്ധതിക്ക് ചെലവഴിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കി വരുന്ന സാഹചര്യത്തിൽ പ്രവർത്തനക്ഷമമമല്ലാത്ത പൊതുടാപ്പുകൾ നീക്കം ചെയ്ത് കുടിവെള്ളക്കരം കുറയ്ക്കുന്നതിന് നടപടി

ഉണ്ടാകേണ്ടതുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2013 മുതൽ 05.09.2013 വരെ | 2008-09 മുതൽ 2012-13 വരെ | 01.10.2013 |
| പെർഫോമൻസ് ഓഡിറ്റ് | 20.06.2022 മുതൽ 22.06.2022 വരെ | 01.04.2021 മുതൽ 31.03.2022 വരെ | 30.01.2023 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽനിന്ന് നികുതി ഈടാക്കുന്നതിൽ വീഴ്ചയുണ്ടായി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജീവനക്കാരുടെ തൊഴിൽനികുതി

2021-22 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| ദീപം ന്യൂട്രിമിക്സ് , ഓമല്ലൂർ | രണ്ടാം അർദ്ധവർഷം |
| തിരുവിതാംകൂർ ദേവസ്വം ബോർഡ് , ഓമല്ലൂർ | രണ്ടാം അർദ്ധവർഷം |

2.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്ന് ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ബിജു ഡാനിയൽ

2.പ്രസന്നകുമാരൻ നായർ

3. ഹാൻലി ജോൺ വിജി

4. രതീഷ് കെ.

5. പ്രസാദ് കെ.വി

6. ബിൻസു ഡാനിയൽ

7. തുളസിദാസ് കെ

8.ജി.കൃഷ്ണൻ നായർ

തൊഴിൽനികുതി ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/30.01.2023) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ

പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രസ്തുത ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല.

റേഷൻ റീട്ടെയിൽ ഷോപ്പ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻറീട്ടെയിൽ ഷോപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 4 റേഷൻ ഷോപ്പുകൾ മാത്രമാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്.

തൻവർഷം ലൈസൻസ് എടുത്ത 354 സ്ഥാപനങ്ങളിൽ ഭൂരിഭാഗവും 2022 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമാണ് വസ്തുനികുതി. വാർഷിക കണക്കുകൾ പ്രകാരം ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ 12,55,280/- രൂപ പിരിച്ചെടുക്കാനുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Buildings ( Current) | 238593/- |
| Receivables For Property Tax On Residential Buildings (Arrears) | 18820/- |
| Receivables For Property Tax On Non-Residential Buildings- (Current) | 508756/- |
| Receivables For Property Tax On Non-Residential Buildings (Arrears) | 489111/- |
| Total | 12,55,280/- |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2021-22 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ തുക ഒടുക്കാനുള്ളവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ മം. | കെട്ടിടത്തിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 4/356A, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 15,811 |
| 2 | 3/406A, റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2017-18 – 2020-21 | 43,386 |
| 3 | 8/22B, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 16,477 |
| 4 | 3/225A, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 4,83,840 |
| 5 | 11/291A, ബി.എസ്.എൻ.എൽ. മൊബൈൽ ടവർ | 2017-18 – 2020-21 | 14,116 |
| 6 | 13/194റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2017-18 – 2020-21 | 11,712 |

കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനു ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/31.01.2023) നിലവിൽ കെട്ടിട നികുതി കുടിശ്ശിക ഒടുക്കു വരുത്തുന്നതിന് ഡിമാന്റ് നോട്ടീസ്

നൽകിയിട്ടുള്ളതും പകുതിയിൽ അധികം തുക ലഭിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബി.എസ്.എൻ.എൽ.ടവറുകളുടെ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 31.03.2023 നകം തന്നാണ്ട് കുടിശ്ശിക തുകകൾ ഒടുക്കു വരുത്താത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുകകൾ അടിയന്തരമായി പിരിച്ചെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ നിയമപരമായ ചുമതലകളും ദൈനം ദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്ന വിഷയത്തിൽ ഭരണസമിതിയുടെയും, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും (ധനകാര്യം) പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-14 വാടക പിരിവ് - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു തനത് വരുമാനമാണ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും മാർക്കറ്റ് സ്റ്റാളുകളിൽ നിന്നുമുള്ള വാടക. 24 കടമുറികൾ, 11 സ്റ്റാളുകൾ എന്നിവയാണ് 2021-22 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിരുന്നത്. ഇവയിൽ എല്ലാ വാടകക്കാരുമായും ഗ്രാമപഞ്ചായത്ത് കരാർ വച്ചിട്ടില്ല. 35 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ 27 പേരുടെ കരാർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ തന്നെ പല കരാറുകളും പൂർണ്ണമല്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ പേരുവിവരങ്ങൾ മാത്രമുള്ള ശൂന്യമായ മുദ്രപത്രം വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രിന്റ് ചെയ്ത കരാറുകളിൽ വാടകക്കാരന്റെ പേരുവിവരങ്ങൾ ചേർത്ത്, സാക്ഷികൾ ഒപ്പ് വച്ച് പൂർണ്ണമാക്കിയിട്ടില്ല. പഞ്ചായത്തുകളിൽ കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വയ്പ്പിക്കേണ്ടതും ആയതിന് സാക്ഷികൾ കൂടി ഒപ്പ് വച്ചിരിക്കേണ്ടതുമാണെന്ന് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എച്ച്1-13880/06- നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറി ഒപ്പ് വച്ച ശേഷം ഇവ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും ഇക്കാര്യത്തിലുള്ള വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാർ, മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ഹെഡ് ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണെന്നും ടി.സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 അഗതി രഹിത കേരളം പദ്ധതി - പദ്ധതി അവലോകനം.

Project : 22/21 - 22

അടങ്കൽ: 800000/-

ചെലവ് : 800000/

ബിൽ വിവരങ്ങൾ

| | ബിൽ നം | തുക |
|---|---|---|
| 1 | 177014/6.7.21 | 200000 (പദ്ധതി വിഹിതം) |
| 2 | 481112/1.10.21 | 200000 (ബ്ലോക്ക് വിഹിതം) |
| 3 | 644850/12.11.21 | 100000 (ബ്ലോക്ക് വിഹിതം) |
| 4 | 1229550/2.3.22 | 300000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി 800000 / - രൂപ സിഡിഎസിന്റെ അക്കൗണ്ടിലേക്ക് കൈമാറുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിർവ്വഹണത്തെ കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) അടങ്കൽ തുകയ്ക്ക് ആനുപാതികമായ വിഹിതമല്ല പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് 10% , ബ്ലോക്ക് വിഹിതം 15%, ഗ്രാമ പഞ്ചായത്ത് 35% എന്നിങ്ങനെ കൃത്യത പാലിച്ചിട്ടില്ല.

2 )പദ്ധതി കാലയളവിനുള്ളിൽ മുഴുവൻ സേവനവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.

3) മെമ്പർ സെക്രട്ടറി - സി.ഡി എസ് എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

4) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സേവനങ്ങൾക്ക് ചെലവഴിച്ച തുക, ചലഞ്ച് ഫണ്ട് വിശദാംശങ്ങൾ, ചെലവഴിച്ചതിന്റെ ബാക്കി തുക, ആക്ടിവിറ്റി പ്ലാൻ, വിലയിരുത്തൽ സമിതി റിപ്പോർട്ട്, ഉപസമിതി റിപ്പോർട്ട്, ADS റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5) ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ എൻക്വയറി നം : 10/30.01.2023 നൽകിയതിന് 2021 - 22 ലെ

തുകയും 2022-23 ലെ ആശ്രയ തുകയും ഉപയോഗിച്ച് ലൈഫ് മിഷൻ പ്രകാരം മൂന്ന് ആശ്രയ ഗുണഭോക്താക്കൾക്ക് അഡ്വാൻസായി 40000 / - രൂപ വീതം അനുവദിച്ചു നൽകിയെന്നാണ് മറുപടി ലഭ്യമാക്കിയത്.

അംഗീകാരം ലഭിച്ച പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പദ്ധതി കാലയളവിനുള്ളിൽ മുഴുവൻ സേവനവും ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. ചെലവിന്റെ മുഴുവൻ വിശദാംശങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-16 ലൈഫ് ഭവന നിർമ്മാണ പദ്ധതിപ്രകാരം അധികമായി ആനുകൂല്യം അനുവദിച്ചു

സ.ഉ.(കൈ) നം. 22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം 400000/- രൂപ പരമാവധി ആനുകൂല്യം നിശ്ചയിച്ചിരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിപ്രകാരം ശ്രീ. സുരേഷ് കുമാർ, കൊച്ചുതുണ്ടിൽ, പന്ന്യാലി എന്ന ഗുണഭോക്താവിന് 100000/- രൂപ അധികമായി ആനുകൂല്യം നൽകിയിട്ടുണ്ട്. (നിർവ്വഹണ ഉദ്യോഗസ്ഥൻ-വി ഇ ഒ). അധികമായി അനുവദിച്ച തുക നിരാകരിച്ച് ഭാഗം 3- ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 3-1 കാണുക.

## 1-17 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം വി ഇ ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ 59/22 (ജനറൽ) 69/22 (എസ്.സി.പി.) എന്നിവ പ്രകാരം ഭവനനിർമ്മാണത്തിനായി ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയതും ഭവനനിർമ്മാണം പൂർത്തീകരിച്ച് ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| | പ്രോജക്ട് നം. 59/22 | |
| 1 | ജലജ ബാലൻ | 300000 |
| 2 | ലളിത | 200000 |
| 3 | വിജയൻ പദ്മനാഭൻ | 200000 |
| 4 | ചെല്ലപ്പൻ | 40000 |
| | പ്രോജക്ട് നം 69/22 | |
| 5 | സതീഷ് ബി | 300000 |
| 6 | മോഹനൻ ഇ കെ | 40000 |
| 7 | ഭവാനി കെ | 348896 |
| 8 | തങ്കമണി സി എൽ | 40000 |
| 9 | ഹരി ടി ആർ | 340000 |

ഇവർ നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/28.01.2023) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളെല്ലാം നിലവിൽ ഭവനനിർമ്മാണം നടത്തുന്നുണ്ടെന്നും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആനുകൂല്യം പൂർണ്ണമായും നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-18 കോവിഡ് - 19 അടിയന്തിര പ്രോജക്ട് ഏറ്റെടുക്കുവാനുള്ള ഉത്തരവ് ഉപയോഗിച്ച് DCC യായി പ്രവർത്തിക്കാത്ത കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി.

Project No : 95 / 21-22
TS Amount : 499999/
കരാറുകാരൻ : ബിജു ഡാനിയേൽ
ബിൽ നം : 702289 / 25-11-21 (തുക 215351/-)
ബിൽ നം : 983637/20 - 1- 22 (തുക 277414/-)
ആകെ – 492765 രൂപ

സർക്കാർ ഉത്തരവ് (സാധാ) നം. 911/21/തസ്വഭവ തീയതി 26-4-2021 ,Covid 19 അടിയന്തിര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മാത്രം അനുമതി നൽകിയിട്ടുള്ളതാണ് . കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മാത്രമേ മാർഗ്ഗരേഖ അനുവദിക്കുന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് ഏറ്റെടുക്കാവൂ എന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഉത്തരവിലെ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് CFLTC/ DCC ആയി പ്രവർത്തിക്കാത്ത

കെട്ടിടത്തിന്റെ ചുറ്റമതിൽ നിർമ്മാണത്തിനായി "DCC കെട്ടിടത്തിന് ചുറ്റമതിൽ നിർമ്മാണം" എന്ന പേരിൽ കോവിഡ് അടിയന്തിര പ്രോജക്ട് തയ്യാറാക്കി 492765/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 എസ് എസ് എ - വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ S0013/22 എസ്.എസ്.എ വിഹിതം നൽകൽ പദ്ധതി പ്രകാരം 150000 രൂപ പത്തനംതിട്ട ബി ആർ സി യുടെ അക്കൗണ്ടിലേക്ക് (2318101065470) നൽകിയിട്ടുണ്ട്. (ബിൽ നം.21050252025401143489/ 19.02.2022) കൈമാറിയ തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/28.01.2023) വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത തടയണ നിർമ്മാണത്തിന് ഫണ്ട് ചെലവഴിക്കുന്നു

അച്ചൻകോവിലാറ്റിൽ താല്ക്കാലിക തടയണ നിർമ്മിക്കുന്നതിന് തനതുഫണ്ടിൽ നിന്ന് 19500 രൂപ (വൗച്ചർ നം 22101090/15.03.22) ചെലവഴിച്ചിട്ടുണ്ട്. 18.01.22 ലെ 7(5)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം 30 മീറ്റർ നീളത്തിൽ തടയണ നിർമ്മിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാല്യുവേഷൻ പ്രകാരം പ്രവൃത്തി മൂല്യം 39000 രൂപയാണ്. എന്നാൽ നിർമ്മിച്ച തടയണയുടെ നീളം, ഉയരം, ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം എന്നിവയുടെ വിശദവിവരം വാല്യുവേഷനിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലും ഇതേ പ്രവൃത്തിക്ക് തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന് ജലവിഭവ വകുപ്പിൽ നിന്ന് NOC ലഭിച്ചിട്ടില്ല. നദികൾ മുതലായ ജലസ്രോതസ്സുകളിലെ നിർമ്മാണപ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതല്ല. തടയണനിർമ്മാണം ജലവിഭവവകുപ്പിന്റെ ചുമതലയാകയാൽ ഗ്രാമപഞ്ചായത്ത് വർഷം തോറും ഈ പ്രവൃത്തികൾക്കായി തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. തടയണനിർമ്മാണം ആവർത്തനചെലവായി തുടരുന്ന പ്രവണത അവസാനിപ്പിച്ച് ജലവിഭവ വകുപ്പ് മുഖേന പ്രവൃത്തികൾ നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-21 ജലജീവൻമിഷൻ പദ്ധതി ജലസംഭരണി നിർമ്മാണം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്ന ജലജീവൻ മിഷൻ പദ്ധതിക്കായി 217020 രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായും 83260 രൂപ ഗുണഭോക്തൃവിഹിതമായും നാളിതുവരെ കേരളവാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് 4672 ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായും 83പേർക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കിയതായും ഓഡിറ്റ് എൻക്വയറിക്ക് (5/22 Dtd 28.01.2023) മറുപടിയായി ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായി 1000 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതലടാങ്ക് നിർമ്മിക്കുന്നതിന് ആവശ്യമായി വരുന്ന 20 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന്റെ തുടർനടപടികൾ എങ്ങുമെത്തിയിട്ടില്ല. 2021-22 വർഷം പ്രോജക്ട് നമ്പർ 218/22 ലുൾപ്പെടുത്തി കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് 1232480 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും തൻവർഷം തുക ചെലവഴിച്ചിട്ടില്ല. വിവിധ പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാതെ തിരികെ ലഭിക്കുന്ന തുക ജലജീവൻമിഷന്റെ തദ്ദേശഭരണവിഹിതം നല്കുന്നതിനും, പദ്ധതിക്കാവശ്യമായ സ്ഥലം വാങ്ങുന്നതിനും ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ നീക്കം ചെയ്ത് വെള്ളക്കരം ഇനത്തിൽ തുക കുറവ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-22 വിവിധ ഏജൻസികളിൽ നിന്ന് തിരികെ ലഭിച്ച തുക തനതുഫണ്ടിൽ നിക്ഷേപിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഡിപ്പോസിറ്റ് പ്രവൃത്തികളിൽ വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ പദ്ധതി പൂർത്തീകരിച്ച ശേഷം ചെലവഴിക്കാതെ അവശേഷിച്ച തുക തിരികെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനം | പദ്ധതിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ബാങ്കിൽ വരവ് വന്ന |
|---|---|---|---|---|---|---|

| | | | | | | തീയതി |
|---|---|---|---|---|---|---|
| 1 | KWA | 169/22വിവിധ അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ എടുക്കൽ | 300000 | 164823 | 135177 | 18.10.22 |
| 2 | GWD | 108/22,s 64-ാം നമ്പർ അംഗൻവാടിക്ക് കുഴൽക്കിണറിൽ മോട്ടോർ സ്ഥാപിച്ച് പൈപ്പ് കണക്ഷൻ നൽകൽ | 110000 | 97340 | 12660 | 19.08.22 |
| ആകെ | | | | | 147837 | |

മേൽ പദ്ധതികൾ പ്രകാരം ചെലവഴിക്കാതെ അവശേഷിച്ച CFC (Tied) തുക ഗ്രാമപഞ്ചായത്ത് തനത്ഫണ്ട് SBIഅക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. തദ്ദേശസ്വയംഭരണ (FM)വകുപ്പിന്റെ 25.07.22 ലെ സ.ഉ(സാധാ) നമ്പർ 1785//2022 LSGD ഉത്തരവു പ്രകാരം കേരളവാട്ടർ അതോറിറ്റിയിൽ നിന്ന് ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം മിച്ചം വരുന്ന തുകയും, ഫീസിബിൾ അല്ലാത്തതിനാൽ പ്രവൃത്തി നടത്താതെ തിരികെ തരുന്ന തുകയും ജലജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം കണ്ടെത്തൽ, തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതം നല്കൽ എന്നിവക്ക് ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ചെലവഴിക്കാവുന്ന പദ്ധതികൾക്ക് ചെലവഴിച്ച് ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങുന്നതിന് ഹോംകോയ്ക്ക് ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 4/22,ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങൽ | 150000 | 93024 | 56976 | 21050252003200881670/03.01.22 |

മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 വൈദ്യുതി ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല

2021-22 വർഷം കേരള ഇലക്ട്രിസിറ്റി ബോർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി തുക മുൻ കൂറായി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനം | പദ്ധതിയുടെ പേര് | തുക | ബിൽനമ്പർ/തീയതി |
|---|---|---|---|---|
| 1 | KSEB | 237/22,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21548 | 21050252003201325857/ 15.03.22 |
| 2 | KSEB | 122/22വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 378000 | 22101138/30.03.22 |

മേൽ പദ്ധതികളുടെ നിലനിലെ അവസ്ഥ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/23 Dtd 28.01.23 ) പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതായി മറുപടി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-25 മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- മോണിറ്ററിംഗ് നടത്തിയില്ല

2021-22 സാമ്പത്തികവർഷം വെറ്റിനറി സർജൻ നിർവഹിച്ച പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | ചെലഴിച്ച തുക |
|---|---|---|
| 1 | 15/2022 പശുവളർത്തൽ (വനിത) | 275000 |
| 2 | 42/22 താറാവ് വളർത്തൽ പദ്ധതി | 30240 |
| 3 | 19/22 മുട്ടക്കോഴി വളർത്തൽ (വനിത) | 75360 |
| 4 | 204/22 ആട് വളർത്തൽ (എസ്.സി.പി.) | 144000 |
| 5 | 20/22 മുട്ടക്കോഴി വളർത്തൽ (എസ്.സി.പി.-വനിത) | 41760 |

മോണിറ്ററിംഗ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നമ്പർ 6/23dtd28.01.23 ) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. പാൽ,മുട്ട,മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതായിരിക്കണം മൃഗസംരക്ഷണമേഖലയിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെ മുഖ്യലക്ഷ്യം എന്ന് 13-ാം പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഭക്ഷ്യോല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവ് സാധ്യമായോ എന്നത് വിലയിരുത്തുന്നില്ല. പദ്ധതിരൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പദ്ധതിനിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ പദ്ധതിനിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പുരോഗതി വിലയിരുത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പദ്ധതിമാർഗ്ഗനിർദ്ദേശപ്രകാരം മോണിട്ടറിംഗ് നടത്തി ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 താറാവ് വളർത്തൽ പദ്ധതി പ്രകാരം വാങ്ങിയ താറാവുകളുടെ വിതരണരേഖകൾ ഇല്ല

വെറ്റിനറി സർജൻ മുഖേന നടപ്പാക്കിയ താറാവ് വളർത്തൽ പദ്ധതി(42/22) പ്രകാരം 504 താറാവ് കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ തിരുവല്ല അമിച്ചകരി വാഴക്കൂട്ടത്തിൽ ഡക്ക് എഗ്ഗർ നഴ്സറിയിൽ നിന്ന് വാങ്ങുന്നതിന് 60480/- രൂപ ചെലവഴിച്ചിട്ടുണ്ട്. 56 ഗുണഭോക്താക്കൾക്ക് 9 താറാവുകളെ വീതം വിതരണം ചെയ്ത് 50000 മുട്ട അധികമായി ഉല്പാദിപ്പിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. എന്നാൽ പദ്ധതിപ്രകാരം വാങ്ങിയ താറാവ്കുഞ്ഞുങ്ങളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. കൈപ്പറ്റ് രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (7/23, 28.01.23) മറുപടി ലഭിച്ചിട്ടില്ല. താറാവ് കുഞ്ഞുങ്ങളെ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളും, പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച പരിശോധനയ്ക്കായി മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിതരണ രേഖകൾ ഹാജരാക്കാത്തതാൽ 60480/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുക.

## 1-27 പൂർത്തിയാക്കാത്ത കിണർ നിർമ്മാണത്തിന് കംപ്ലീഷൻ റിപ്പോർട്ട് നൽകി അന്തിമ ബിൽ തുക അനുവദിച്ചു

അങ്കൺവാടി നമ്പർ 55 ൽ (Ward 11 ) കിണർ നിർമ്മാണത്തിനായി 2020 - 2021 ൽ 313/20 - 21 എന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് കരാർ ചമച്ചിരുന്നു (കരാർ നം : 81/AE /LSGD/OMLR/20-21). പദ്ധതിയുടെ PAC 60,000/- നിശ്ചയിച്ച് പ്രവൃത്തി സ്ഥലം 28-10-2020 ൽ കൈമാറിയിട്ടുണ്ട്. തൻവർഷം നിർമ്മാണം ആരംഭിക്കാത്തതിനാൽ 21 - 22 വർഷം സ്പിൽ ഓവറായി 165/21-22-ാം നമ്പർ പ്രോജക്റ്റ് അംഗീകരിക്കുകയും 60000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിനിടയിൽ പാറ പൊട്ടിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 110 / 21- 22 നംപർ പ്രോജക്റ്റ് അംഗീകരിച്ച് 50000/- രൂപ അധിക വിഹിതവും വകയിരുത്തിയിട്ടുണ്ട്. എന്നിട്ടും കിണർ നിർമ്മിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച് പോയ കരാറുകാരന് അനുകൂലമായ നടപടി സ്വീകരിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ലൈഫ് ഭവന നിർമ്മാണ പദ്ധതിപ്രകാരം അധികമായി ആനുകൂല്യം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S0059/22 ലൈഫ് ഭവന നിർമ്മാണ പദ്ധതി |
| അടങ്കൽ | 1935400(വികസന ഫണ്ട്- പൊതുവിഭാഗം)<br>2500000(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>1000000(ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>2078000(ജില്ലാ പഞ്ചായത്ത് വിഹിതം)<br>5500000(മറ്റുള്ളവ)<br>13013400 |
| ചെലവ് | 1935400(വികസന ഫണ്ട്- പൊതുവിഭാഗം)<br>300000(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>320000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>264600(ജില്ലാ പഞ്ചായത്ത് വിഹിതം)<br>2820000 |
| ബിൽ നമ്പർ/ തീയതി | വികസനഫണ്ട്<br>21050252012900292356/13.08.2021 200000<br>21050252012900292364/13.08.2021 400000<br>21050252024700496632/16.10.2021 120000<br>21050252024700496636/16.10.2021 100000<br>21050252024700533383/22.10.2021 100000<br>21050252024700701963/30.11.2021 200000<br>21050252024700701974/30.11.2021 100000<br>21050252024700917006/13.01.2022 100000<br>21050252024700917016/15.01.2022 160000<br>21050252024700918104/15.01.2022 100000<br>21050252024700974983/28.01.2022<br>40000<br>21050252024701312833/16.03.2022 315400<br>1935400<br>സംസ്ഥാനാവിഷ്കൃത ഫണ്ട്<br>ചെക്ക് നമ്പർ- 6107713/24.01.2022 100000<br>6107718/17.02.2022 200000<br>300000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>21050252024700479239/08.10.2021 320000<br>ജില്ലാ പഞ്ചായത്ത് വിഹിതം<br>21050252024701302569/16.03.2022 160000<br>21050252024701367707/ 24.03.2022 100000<br>21050252024701419267/24.03.2022<br>4600<br>264600 |

വിഇഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിപ്രകാരം ഒരു ഗുണഭോക്താവിന് അധികമായി ഒരു ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധരേഖകൾ, സാംഖ്യ വെബ് എന്നിവ പരിശോധിച്ചതിൽ നിന്ന് പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ. സുരേഷ് കുമാർ, കൊച്ചുണ്ടിൽ, പന്ന്യാലി എന്ന ഗുണഭോക്താവിന് 100000/- രൂപ അധികമായി ആനുകൂല്യം നൽകിയതായി ബോദ്ധ്യപ്പെട്ടു. ഈ ഗുണഭോക്താവിന് 2020-21, 2021-22 വർഷങ്ങളിലായി ആനുകൂല്യം നൽകിയ ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| 1 | 20050252012900725868/27.11.2020 | 40000 |
| 2 | 20050252012900926646/ 16.01.2021 | 160000 |
| 3 | 20050252012901172883/09.03.2021 | 100000 |
| 4 | 21050252024700918104/15/01/2022 | 100000 |
| 5 | ചെക്ക് നം.6107718/17.02.2022<br>(സ്റ്റേറ്റ് ഷെയർ) | 100000 |
| | ആകെ | 500000 |

2020-21 വർഷം ക്രമ നം. 1,2,3 എന്നീ ബില്ലുകൾ പ്രകാരം 3 ഗഡുക്കളായി 300000/- രൂപ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ ക്രമ നം. 4 ബിൽ പ്രകാരം വികസനഫണ്ടിൽ നിന്ന് 4-ാം ഗഡുവായി 100000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്ന് 100000/- രൂപ ക്രമ നം. 5 ട്രഷറി ചെക്ക് പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകി. ഈ തുകകളെല്ലാം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായതായി പാസ്സ്ബുക്ക് പരിശോധനയിൽനിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സ.ഉ.(കൈ) നം. 22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം 400000/- രൂപ പരമാവധി ആനുകൂല്യം നിശ്ചയിച്ചിരുന്ന പദ്ധതിപ്രകാരം മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് 500000/- രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.2/25.01.2023) അധികം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാമെന്ന് ഗുണഭോക്താവ് രേഖാമൂലം അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി അനുവദിച്ച 100000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 കോവിഡ് - 19 അടിയന്തിര പ്രോജക്ട് ഏറ്റെടുക്കുവാനുള്ള ഉത്തരവ് ഉപയോഗിച്ച് DCC യായി പ്രവർത്തിക്കാത്ത കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി

| | |
|---|---|
| പ്രോജക്ട് നം | : 95 / 21-22 |
| അടങ്കൽ | : 499999 |
| കരാറുകാരൻ | : ശ്രീ ബിജു ഡാനിയേൽ |
| ചെലവഴിച്ച തുക | : 215351/- [ബിൽ നം: [BRN 702289 / 25-11-21]<br>277414/- [ബിൽ നം : [BRN 983637 / 20-1-22] |

കോവിഡ് 19 അടിയന്തിര പ്രോജക്ട് ഏറ്റെടുത്തു നടപ്പിലാക്കാനുള്ള സർക്കാർ നിർദ്ദേശത്തിന്റെ മറവിൽ ക്രമവിരുദ്ധ നിർമ്മാണ പ്രവർത്തനം നടത്തിയതുവഴി അധികച്ചെലവുണ്ടായി. കൂടാതെ, ഒരേ ഇനം പ്രവൃത്തിക്ക് രണ്ടു തവണ തുക ചെലവഴിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ പ്രളയ ഷെൽട്ടറായി ഉപയോഗിക്കുന്ന കെട്ടിടത്തിന് ചുററുമതിലും അനുബന്ധ സാഹചര്യങ്ങളും ഒരുക്കുന്നതിനായിട്ടാണ് "ഡിസിസിക്ക് ചുറ്റുമതിൽ" എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇതിനായി 492765 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും നിർവഹണം നടത്തുന്നതിനുമാണ് ജി.ഒ.(ആർടി) 911/21/തസ്വഭവ തീയതി 26.04.2021 ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഈ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയത്.

2) കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി, മണ്ണാറമല വാർഡിലുള്ള മഡോണ ഇന്റർനാഷണൽ സ്കൂളാണ് 2020 ജൂലൈ 21 മുതൽ CFLTC ആയും, തുടർന്ന്, പഞ്ചായത്ത് കമ്മിറ്റിയുടെ 12-5-2021 ലെ 6(2)-ാം നമ്പർ തീരുമാന പ്രകാരം 2021 ജൂൺ 20 മുതൽ DCC ആയും പ്രവർത്തിച്ചിരുന്നത്. ഡിസിസിയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും, പ്രളയ ഷെൽറ്ററായി ഉപയോഗിക്കുന്ന പഞ്ചായത്തിന്റെ കെട്ടിടത്തിനാണ് ചുറ്റുമതിൽ നിർമ്മിച്ചത്. ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടാണ് ചുറ്റുമതിൽ നിർമ്മാണം നടത്തിയത്.

3) ഡിസിസിയുടെ ചെലവുകൾ വഹിച്ചത്, സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ " കോവിഡ് പ്രതിരോധ പ്രവർത്തനവും CFLTC/DCC സ്ഥാപനവും പരിപാലനവും " (പ്രോജക്ട് നം.92/21-22 ) എന്ന പ്രോജക്ടിൽ വകയിരുത്തിയ വികസന ഫണ്ടുപയോഗിച്ച് വയർ മെഷ് സ്ഥാപിക്കൽ, ക്ലീനിംഗ് (ബെഡ്സ്, അനുബന്ധ ഉപകരണങ്ങൾ) എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്(ബിൽ നം BRN 127071 /15-6-2021 ). അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ (പ്രോജക്ട് നം 95/21-22 ) ഉൾപ്പെടുത്തി ഇതേ ഇനങ്ങൾക്ക് വീണ്ടും തുക ചെലവഴിച്ചതായി രേഖയുണ്ടാക്കി. ചുറ്റമതിൽ നിർമ്മാണത്തിന്റെ അളവുകൾ രേഖപ്പെടുത്തിയ എം- ബുക്ക് നം : 09/21-22 ൽ ഐറ്റം നം : 7, 8, 9 എന്നീ പ്രവൃത്തികൾക്കായി [ Fixing Mesh, ക്ലീനിംഗ് (ബെഡ്സ്, അനുബന്ധ ഉപകരണങ്ങൾ ) ] ₹17406.28 ചെലവ്ചെയ്തിട്ടുണ്ട്. M Book പ്രകാരം ഈ പ്രവൃത്തികൾ ഒക്ടോബർ 2021 ൽ ആണ് ചെയ്തിട്ടുള്ളത്. പ്രളയ ഷെൽട്ടറിൽ നിന്നും ബെഡ്ഡുകളും അനുബന്ധ ഉപകരണങ്ങളും DCC യായി പ്രവർത്തിക്കുന്ന മഡോണ സ്കൂളിലേക്ക് 14-5-21 ൽ മാറ്റിയതിന് 2500 രൂപ, അജിത് മോഹൻ എന്ന വ്യക്തിക്ക് ബിൽ നം : BRN 82675 / തീയതി 24 - 5 - 2021 പ്രകാരം നൽകിയിട്ടുണ്ട്. ഇല്ലാത്ത ബെഡ്ഡുകളും, അനുബന്ധ ഉപകരണങ്ങളും ക്ലീനിംഗ് നടത്തിയതായും, ജൂൺ മാസത്തിൽ ചെയ്ത ജോലികൾ, ഒക്ടോബർ മാസത്തിൽ വീണ്ടും ചെയ്തതായും വ്യാജരേഖ ചമച്ചാണ് തുക നൽകിയിട്ടുള്ളതെന്ന് വ്യക്തമാണ്. ഇപ്രകാരം ഇരട്ടിപ്പുവന്ന ചെലവ് തുക 17406രൂപ അംഗീകരിക്കുന്നില്ല. ടി തുക, ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്ന് ഈടാക്കേണ്ടതാണ്.

4) ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഏകപക്ഷീയമായിട്ടാണ് പ്രളയ ഷെൽട്ടറിന് ചുറ്റമതിൽ നിർമ്മാണ കരാർ ശ്രീ ബിജു ഡാനിയൽ എന്ന കരാറുകാരനു നൽകിയിട്ടുള്ളത് . അടിയന്തിര സ്വഭാവമില്ലാത്ത ചുറ്റമതിൽ നിർമ്മാണം ടെണ്ടർ നടപടികൾ ഒഴിവാക്കി നിർമ്മാണ കരാർ നൽകി തുക ചെലവഴിച്ചത് ഗുരുതര ക്രമക്കേടായി വിലയിരുത്തുന്നു.

5) ഈ പ്രോജക്ടിന് അംഗീകാരം നൽകിയത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും നിർവ്വഹണം നടത്തിയത് അസി.എഞ്ചിനീയറുമാണ്. കോവിഡ് അടിയന്തിര പ്രോജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടത് സെക്രട്ടറിയും, വെറ്റിംഗ് ഓഫീസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായിരിക്കണമെന്ന സർക്കാർ നിർദേശം പാലിച്ചില്ല.

ഡിസിസിയായി പ്രവർത്തിക്കാത്ത പ്രളയ ഷെൽട്ടർ എന്ന നിലയിലുള്ള പഞ്ചായത്ത് കെട്ടിടത്തിന്, സർക്കാർ ഉത്തരവു ലംഘിച്ചും , ടെണ്ടർ നടപടികൾ ഇല്ലാതെയും നിർമ്മാണ പ്രവൃത്തി നടത്തി തുക ചെലവഴിച്ചതും, ചെയ്യാത്ത പ്രവൃത്തികൾ എം ബുക്കിൽ രേഖപ്പെടുത്തിയതും, ക്രമവിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും, പ്രോജക്ടിന്റെ വെറ്റിംഗ്, ചെക്ക് മെഷർമെന്റ് എന്നിവ നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇതിന് ഉത്തരവാദികളാണ്. മേൽപ്പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ, ടി പ്രോജക്ടിനായി ചെലവഴിച്ച 492765രൂപയിൽനിന്നും നിരാകരിച്ച 17406 കിഴിച്ച് 475359 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പൂർത്തിയാക്കാത്ത കിണർ നിർമ്മാണത്തിന് കംപ്ലീഷൻ റിപ്പോർട്ട് നൽകി അന്തിമ ബിൽ തുക അനുവദിച്ചു -നഷ്ടം 28795/- രൂപ

| | |
|---|---|
| പ്രോജക്ട് നം. | 313/20-21, 165/21-22, 110/21-22 |
| അടങ്കൽ | 60000 രൂപ |
| എഗ്രിമെന്റ് നം. | 81/എഇ /എൽ.എസ്.ജി.ഡി./ഒ.എം.എൽ.ആർ/2020-21 |
| അംഗീകരിച്ച പി.എ.സി | 60000 രൂപ |
| കരാറുകാരൻ | ബിജു ഡാനിയേൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| എം.ബുക്ക് നം. | 42/21-22 |

അങ്കണവാടി നമ്പർ 55 ൽ (Ward 11 ) കിണർ നിർമ്മാണത്തിനായി 2020 - 2021 ൽ 313/20 - 21 എന്ന പ്രോജക്ട് ആവിഷ്കരിച്ച് കരാർ ചമച്ചിട്ടുള്ളതാണ് ( കരാർ നം : 81/AE /Lsgd/OMLR /20-21). പ്രോജക്ടിന്റെ PAC 60,000/- നിശ്ചയിച്ച് പ്രവൃത്തി സ്ഥലം 28-10-2020 ൽ കൈമാറിയിട്ടുണ്ട്. തൻവർഷം പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതിരുന്നതിനാൽ 21 - 22 വർഷം സ്പിൽ ഓവറാക്കി 165/21- 22-ാം നമ്പർ പ്രോജക്ട് അംഗീകരിക്കുകയും 60000/- രൂപ വകയിരുത്തുകയും ചെയ്തു. പ്രവൃത്തി നിർവ്വഹണത്തിനിടയിൽ പാറ പൊട്ടിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 110/21- 22 നംപർ പ്രോജക്ട് അംഗീകരിച്ച് 50000/- രൂപ അധിക വിഹിതം വകയിരുത്തുകയും ചെയ്തു.

M Book നം : 42 / 21 - 22 പരിശോധിച്ചതിൽ ആദ്യ Measurement 8-2-22 ലും Page 13 ൽ(18-4-22 ) Cc 1st & Final Bill തുക 28795/- ഉം രേഖപ്പെടുത്തിയിട്ടുണ്ട്. അന്തിമ ബിൽ പ്രകാരം കരാറുകാരൻ ശ്രീ. ബിജു ഡാനിയലിന് 27561/- രൂപ നൽകി.

പദ്ധതി PAC 60000 രൂപയും അധിക വിഹിതം 50000 രൂപയും വകയിരുത്തിയ കിണർ നിർമ്മാണത്തിന്റെ

പ്രവൃത്തിമൂല്യം 25710 രൂപയുടേതാണ്. ( M Book Page 18 & 19 ). കിണർ നിർമ്മാണ പ്രവൃത്തി Completed In All Respect എന്ന കംപ്ലീഷൻ റിപ്പോർട്ട് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസി എഞ്ചിനീയറും സാക്ഷ്യപ്പെടുത്തി, കരാറുകാരന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അന്തിമ ബിൽ തുക കരാറുകാരന് നൽകിയത്.

കിണർ നിർമ്മാണത്തിന്റെ നിജസ്ഥിതി അറിയുന്നതിന് 25-01-23 ൽ അങ്കൺവാടി നം : 55 ൽ സ്ഥല പരിശോധന നടത്തിയതിൽ കിണറിന് പകരം പാഴ് കമ്പുകൾ കൊണ്ട് മൂടപ്പെട്ട കുഴിയാണ് കണ്ടത്. കുഴി അങ്കൺവാടി കുട്ടികൾക്ക് ജീവന ഭീഷണിയായി നിലനിൽക്കുന്നു.



പ്രവൃത്തിയുടെ നിർമ്മാണ ഘട്ടത്തിൽ പാറയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കിണർ നിർമ്മാണത്തിന് അധിക തുക വകയിരുത്തിയിട്ടും കിണർ നിർമ്മിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച പോയ കരാറുകാരന് അനുകൂലമായി കംപ്ലീഷൻ സർട്ടിഫിക്കറ്റും, അന്തിമ ബില്ലും തയ്യാറാക്കിയതിന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും അസി.എഞ്ചിനീയറും ഒരുപോലെ ഉത്തരവാദികളാണ്. കിണർ നിർമ്മാണത്തിനുള്ള തുക പാഴ്ച്ചെലവാക്കിയതിന് ഉത്തരവാദികളായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അസി.എഞ്ചിനീയർ എന്നിവരിൽ നിന്നും 28795/- രൂപ തുല്യമായി ഈടാക്കേണ്ടതാണ്. ഉത്തരവാദികൾക്കെതിരെ വകുപ്പ്തല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്കിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | നെൽകൃഷി വികസനം | 150000 |
| | 99999 | പാലിയേറ്റീവ് കെയർ | 99999 |
| | 115818 | അങ്കണവാടി പോഷകാഹാരപദ്ധതി | 115818 |
| | 85250 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 85250 |
| | 300000 | പാലിന് സബ്സിഡി | 300000 |
| | 8692 | കോവിഡ് പ്രതിരോധ പ്രവർത്തനം- സി എഫ് എൽ റ്റി സി, ഡി സി സി എന്നിവയുടെ സ്ഥാപനവും പരിപാലനവും | 8692 |
| | 320000 | ലൈഫ് ഭവനനിർമ്മാണപദ്ധതി | 320000 |
| | 13500 | സോക്ക്പിറ്റ് നിർമ്മാണം | 13500 |
| | 788896 | ലൈഫ് ഭവനപദ്ധതി(എസ് സി പി) | 788896 |
| | 300000 | അഗതിരഹിതകേരളം പദ്ധതി | 300000 |
| | 20000 | വിശപ്പ് രഹിതകേരളം- ജനകീയ ഹോട്ടൽ | 20000 |
| ജില്ലാ പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 100000 |
| | 167294 | അങ്കണവാടി പോഷകാഹാരപദ്ധതി | 167294 |
| | 344950 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 344950 |

| | | | |
|---|---|---|---|
| | 22250 | കോവിഡ് പ്രതിരോധപ്രവർത്തനം- സി എഫ് എൽ റ്റി സി, ഡി സി സി എന്നിവയുടെ സ്ഥാപനവും പരിപാലനവും | 22250 |
| | 264600 | ലൈഫ് ഭവനനിർമ്മാണപദ്ധതി | 264600 |
| | 583569 | ലൈഫ് ഭവനപദ്ധതി(എസ് സി പി) | 583569 |
| | 300000 | അഗതിരഹിതകേരളം പദ്ധതി | 300000 |
| | 10000 | വിശപ്പ് രഹിതകേരളം- ജനകീയ ഹോട്ടൽ | 10000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്,പ്രോജക്ട് നമ്പർ | വൗച്ചർനമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 237/22,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21050252003201325857/15.03.22 | 21548 | 0 | 21548 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 122/22വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101138/30.03.22 | 378000 | 0 | 378000 |
| കേരള വാട്ടർ അതോറിറ്റി | 169/22വിവിധ അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ എടുക്കൽ | 22100916/03.01.22 | 300000 | 164823 | 135177തിരികെ ലഭിച്ചു |
| ഭൂജലവകുപ്പ് | 108/22,s 64-ാം നമ്പർ അംഗൻവാടിക്ക് കുഴൽക്കിണറിൽ മോട്ടോർ സ്ഥാപിച്ച് പൈപ്പ് കണക്ഷൻ നൽകൽ | 22101140/30.03.22 | 110000 | 97340 | 12660രൂപ തിരികെ ലഭിച്ചു |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ,വിനിയോഗം എന്നിവയുടെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (K.U.R.D.F.C) | GO(MS)100/2018 LSGD തീയതി 30-07-18 | 1730110 | 1055443 | 7333333 | | 322110 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1995-96 | 16 | 528 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102849/15.12.2021 |
| 1996-97 | 11 | 640 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102850/15.12.2021 |
| 1996-97 | 26 | 204 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102851/15.12.2021 |
| 1997-98 | 24(1) | 300 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102844/15.12.2021 |
| 1997-98 | 25 | 205 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102845/15.12.2021 |
| 1998-99 | 33 | 385 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102846/15.12.2021 |
| 1998-99 | 34 | 650 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102847/15.12.2021 |
| 1998-99 | 39 | 680 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102848/15.12.2021 |
| 1998-99 | 30 | 80 | സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 121060102852/15.12.2021 |
| 2014-15 | 25(a) | 7500 | ഹെഡ്മാസ്റ്റർ, ആര്യഭാരതി എച്ച് എസ്സ്, ഓമല്ലൂർ | 121060102960/21.12.2021 |
| 2014-15 | 3-1 | 1580 | ഉഷ സി കെ, അസി. എഞ്ചിനീയർ | 121060102972/21.12.2021 |
| 2015-16 | 2-8(1) | 3840 | പ്രൊപ്രൈറ്റർ,ബെസ്റ്റ് കേറ്ററിംഗ്, ഓമല്ലൂർ | 121060103573/15.01.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട് | - | 2014-15 | 4-1 | വൃദ്ധസദനം പ്രവർത്തനക്ഷമമായില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-1 | 2016-17 | - | വസ്തുനികുതി അപാകതകൾ | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-8 | 2016-17 | - | തൊഴിൽ നികുതി അപാകതകൾ | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| | 3-24 | 2017-18 | - | 22.51 ലക്ഷം ചെലവഴിച്ച അറവുശാല നിർമ്മാണം ആറ് വർഷംപിന്നിട്ടിട്ടും പൂർത്തിയായില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 2016-17 | 3-25 | 2017-18 | - | ഓമല്ലൂർ മാർക്കറ്റിൽ മാലിന്യ പ്രശ്നം ശുക്ഷം-പ്ലാന്റ് നിർമ്മിക്കുന്നതിന് ആറ് വർഷം മുമ്പ് ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71441706 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58210388 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 146201 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 535839 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 100000 | ശ്രീമതി ആതിര അർജ്ജുൻ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | | 8703/-<br>8703/- | ശ്രീമതി ഉഷ സി.കെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി.ബിന്ദു.എസ്.കരുണാകരൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 14397.5<br>14397.5 | ശ്രീമതി.ബിന്ദു.എസ്.കരുണാകരൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ശ്രീമതി ഉഷ സി.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 146201/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 60480/- | ഡോ.സുബ്ബയ്യൻ,വെറ്റിനറി സർജൻ |
| 3-2 | 475359 | ശ്രീമതി.ബിന്ദു.എസ്.കരുണാകരൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ശ്രീമതി ഉഷ സി.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 535839 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആതിര അർജ്ജുൻ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>അഴുത ബ്ലോക്ക്, ഇടുക്കി | ആതിര<br>ചവറ ബ്രിഡ്ജ് പി ഒ<br>ചവറ, കൊല്ലം<br>പിൻ 691583 |
| ശ്രീമതി ഉഷ സി.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വിരമിച്ചു. | മൈലമൂട്ടിൽ,ഇലവുംതിട്ട PO<br>പത്തനംതിട്ട |
| ശ്രീമതി.ബിന്ദു.എസ്.കരുണാകരൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലന്തൂർ ബ്ളോക്ക് പഞ്ചായത്ത് | ലക്ഷ്മി നന്ദനം, എം.ജി.റോഡ്, അടൂർ |
| ഡോ.സുബ്ബയ്യൻ,വെറ്റിനറി സർജൻ | വെറ്ററിനറി ഹോസ്പിറ്റൽ, മല്ലപ്പള്ളി | ശോഭനാലയം, മല്ലപ്പള്ളി ഈസ്റ്റ് പി.ഒ. 689584 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01തീയതി 23-03-02/09-05-02 | 4 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01 തീയതി 03.04-02 | - |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829/01തീയതി 10-04-02/ 20-09-02 | - |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/452/04 തീയതി 18-04-07/ 07-02-05 | 3 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/536/05 തീയതി 02-11-05 /15-02-06 | 1 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06 തീയതി 12-12-06 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171/08 തീയതി 20-01-09 | 1 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10 | 2 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/703/09 തീയതി 04-06-10 /29-10-11 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37/11 തീയതി 06-12-11 /04-08-12 | 3 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877/11 തീയതി 03-10-11 /06-08-12 | 1 |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878/12 തീയതി 10-12-12/05-06-14 | 2 |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി5/777/14 തീയതി.29.11.14 | 5 |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | 9 |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/ 748/16 തീയതി 16-07-2016 | 5 |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ. പി5/45/17 തീയതി 08.02.2017 | 5 |
| 2016-17 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/759/17 തീയതി 18.07.17 | 10 |
| 2017-18 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/181/19 തീയതി 14.03.2019 | 9 |
| 2018-19 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/103/20 തീയതി 25.02.2020 | 17 |
| 2019-20 | നം. കെ.എസ്.എ.പി.റ്റി.എ.പി.5/304/22 തീയതി: 26.03.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | നം. കെ.എസ്.എ.പി.റ്റി.എ.പി.5/549/22 തീയതി: 14.06.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്